## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.758 11.06.2014 - ൽ മറുപടിയ്ക്ക്

## ആലപ്പുഴ മെഡിക്കൽ കോളേജിൽ ഡോക്ടർമാരുടെ കുറവ് പരിഹരിക്കാൻ നടപടി

| ചോദ്യം<br>ശ്രീ. ജി. സുധാകരൻ | മറുപടി<br>ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
|---|---|
| (എ) ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിൽ വിവിധ വകുപ്പുകളിലായി എത്ര ഡോക്ടർമാരുടെ കുറവുണ്ട്; വിശദമാക്കുമോ; | (എ) ആലപ്പുഴ സർക്കാർ മെഡിക്കൽ കോളേജിൽ എല്ലാ വിഭാഗങ്ങളിലുമായി ആകെ 64 ഡോക്ടർമാരുടെ ഒഴിവുണ്ട് |
| (ബി) ഒഴിവുള്ള തസ്തികകളിൽ അടിയന്തരമായി ഡോക്ടർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ; | (ബി) ഒഴിവുകൾ നികത്താൻ വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട് |
| (സി) അനസ്തേഷ്യ വിഭാഗത്തിൽ ഡോക്ടർമാരുടെ കുറവു മൂലം ശസ്ത്രക്രിയകൾ മാറ്റിവയ്ക്കേണ്ടി വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് പരിഹരിക്കാൻ എന്ത് നടപടിയാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (സി) ഉണ്ട്. എൻട്രി കേഡറിൽ സംവരണ വിഭാഗങ്ങൾക്ക വേണ്ടി നീക്കിവച്ചിട്ടുള്ള ഒഴിവുകൾ പല തവണ പി.എസ്.സി യ്ക്ക് റിപ്പോർട്ട് ചെയ്തിട്ടും യോഗ്യരായ ഡോക്ടർമാരെ ലഭിക്കാത്തതിനാൽ പ്രിൻസിപ്പൽ തലത്തിൽ താൽക്കാലികമായി ഡോക്ടർമാരെ നിയമിക്കാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. എന്നാൽ യോഗ്യരായ അനസ്തേഷ്യ വിഭാഗം ഡോക്ടർമാരെ ലഭിക്കാത്ത സാഹചര്യമാണ് നിലവിലുള്ളത്. ഇക്കാരണത്താലാണ് ചില രോഗികൾക്കെങ്കിലും സർജറി മാറ്റിവയ്ക്കേണ്ട സാഹചര്യം ഉണ്ടാകുന്നത്. |
| (ഡി) ഈയിടെ ആലപ്പുഴ വണ്ടാനം മെഡിക്കൽ കോളേജിൽ നിന്ന് എത്ര ഡോക്ടർമാരെയാണ് സ്ഥലംമാറ്റി ഉത്തരവായിട്ടുള്ളത് ; പകരം ഡോക്ടർമാരെ നിയമിച്ചിട്ടുണ്ടോ ; വിശദാംശം നൽകുമോ ? | (ഡി) 8 ഡോക്ടർമാരെ സ്ഥലംമാറ്റി ഉത്തരവായിട്ടുണ്ട്. 4 ഒഴിവുകളിൽ പകരം ഡോക്ടർമാരെ നിയമിച്ചിട്ടുണ്ട്. മറ്റൊഴിവുകളിൽ ഡോക്ടർ മാരെ നിയമിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച വരുന്നു. |

സെക്ഷൻ ഓഫീസർ